# കോട്ടക്കൽ നഗരസഭ

R3/1116/14

നഗരസഭ കാര്യലയം കോട്ടക്കൽ
ഫോൺ. 04832742221, തിയ്യതി: 06.02.2014

## വിൻഡോ പരസ്യം

### പുനർ ലേലം/ ടെണ്ടർ/നോട്ടീസ്

കോട്ടക്കൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ബസ്സ്റ്റാന്റ് ഫീസ്, ടാക്സി സ്റ്റാന്റ് ഫീസ്, കംഫർട്ട് സ്റ്റേഷൻ നടത്തിപ്പ് എന്നിവ 2014-2015 ൽ ഏറ്റെടുത്ത് നടത്തുന്നതിന് 06.02.2014 മാറ്റി വെച്ച ലേലം / ടെണ്ടർ 17.02.2014 ൽ 11.00 മണിക്ക് സി.എച്ച് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെടുന്നു. ഓരോ ഇനത്തിലും പ്രത്യേകം 20000/- വീതം ഇ.എം.ഡി അടക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ www.kottakkal.lsgkerala.gov.in, നിന്നോ പ്രവർത്തി ദിവസങ്ങളിൽ നഗരസഭയിൽ നിന്നോ ലഭിക്കുന്നതാണ്.

(ഒപ്പ്)
**സെക്രട്ടറി**
**കോട്ടക്കൽ നഗരസഭ**

**കോപ്പി:- പത്രങ്ങൾക്ക്, നോട്ടീസ് ബോർഡ്,**
**ഫയലിൽ, www.kottakkal.lsgkerala.gov.in**

# കോട്ടക്കൽ നഗരസഭ

R3- 1116/14 തിയതി: 06.02.2014

## പുനർ ടെണ്ടർ/ലേലപരസ്യം

കോട്ടക്കൽ നഗരസഭയുടെ ഉടമസ്ഥയിലുള്ള താഴെ പറയുന്ന വസ്തുവഹകൾ 2014-15 കാലയളവിൽ നഗരസഭ നിശ്ചയിച്ചിട്ടുള്ള നിബന്ധനങ്ങൾക്ക് വിധേയമായി ഏറ്റെടുത്തു നടത്തുന്നതിന് തയ്യാറുള്ളവരിൽ നിന്നും മത്സര സ്വഭാവമുള്ള മുദ്രവെച്ച ടെണ്ടറുകൾ നിശ്ചിത ടെണ്ടർ ഫോറത്തിൽ 15.02.2014 വൈകീട്ട് 3.00 മണിക്ക് നഗരസഭ കാര്യാലയത്തിൽ ലഭിക്കത്തക്കവണ്ണം ക്ഷണിച്ചുകൊള്ളുന്നു. ടെണ്ടർ ഫോം 150 + വാറ്റ് എന്നനിരക്കിൽ നഗരസഭാ കാര്യാലയത്തിൽ നിന്നും 15.02.2014 ന് ഉച്ചക്ക് 1.00 മണി വരെ ലഭിക്കുന്നതാണ്. ഈ അവകാശങ്ങൾ 17.02.2014 ന് പകൽ 11.00 മണിക്ക് നഗരസഭാ ടൗൺ ഹാളിൽ വെച്ച് പരസ്യമായി ലേലം ചെയ്യുന്നതുമാണ്.

| ക്രമ നമ്പർ | വസ്തു വഹകളുടെ വിവരങ്ങൾ | നിരതദ്രവ്യം |
|---|---|---|
| 1 | മുനിസിപ്പൽ ബസ്റ്റാന്റ് ഫീസ് | 20,000/- രൂപ |
| 2 | ടാക്സി സ്റ്റാന്റ് ഫീസ് | 20,000/- രൂപ |
| 3 | കംഫർട്ട് സ്റ്റേഷൻ | 20,000/- രൂപ |

പുനർ ടെണ്ടർ/ലേലം എന്നിവയിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യം നഗരസഭ സെക്രട്ടറിയുടെ പേരിൽ മാറാവുന്ന ഡി.ഡി യായോ, നഗരസഭയിൽ അടച്ച രസീതിയായോ, ടെണ്ടറിനോടെപ്പം അടക്കം ചെയ്യേണ്ടതും, ലേലത്തിൽ മാത്രം പങ്കെടുക്കുന്നവർ ലേലത്തിന് മുമ്പ് ലേലം ഓഫീസർ മുമ്പാകെ ടി സംഖ്യ കെട്ടിവെക്കേണ്ടതും ലേലം കൊണ്ടയാളും രണ്ടാം സ്ഥാനക്കാരനുമായി വരുന്നയാൾ ഒഴികെയുള്ളവർക്ക് അന്നേ ദിവസം തന്നെ ടി സംഖ്യ മടക്കി നൽകുന്നതായിരിക്കും. ലേല ശേഷം ഹാജരുള്ളവരുടെ സാനിദ്ധ്യത്തിൽ ടെണ്ടർ തുറന്ന് പരിശോധിക്കുന്നതും. ലേലം / ടെണ്ടർ ലഭിച്ചവർ അന്നേദിവസം തന്നെ തുകയുടെ 3 ൽ 1 ഭാഗം നഗരസഭയിൽ അടച്ച് രസീത് ഹാജരാക്കേണ്ടതുമാണ്. ലേലം ദിവസം എന്തെങ്കിലും കാരണവശാൽ പൊതു അവധി ദിവസം ആയി വന്നാൽ തൊട്ടടുത്ത ദിവസം ടി നടപടി നടത്തുന്നതാണ്.

ലേലം/ടെണ്ടർ സംബന്ധമായി നഗരസഭാ കൗൺസിലിന്റെ തീരുമാനം അന്തിമവും യാതൊരുകാരണവും കാണിക്കാതെതന്നെ ആയവ നിരസിക്കാനോ സ്ഥിരപ്പെടുത്താനോ ഉള്ള അധികാരം കൗൺസിൽ നിക്ഷിപ്തമാണ്.

കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ നഗരസഭാ കാര്യാലയത്തിലെ റവന്യൂ വിഭാഗത്തിൽ നിന്നും ലഭിക്കുന്നതാണ്.

(ഒപ്പ്)
**സെക്രട്ടറി**
**കോട്ടക്കൽ നഗരസഭ**

**പകർപ്പ് :-**

1. ബഹു. ചെയർപേഴ്സൺ, വൈസ് ചെയർമാൻ, സെക്രട്ടറി, സൂപ്രണ്ട് എന്നിവരുടെ മേശപ്പുറത്ത്.
2. ഓഫീസ് നോട്ടീസ് ബോർഡ്, ലൈബ്രറി, വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെ നോട്ടീസ് ബോർഡ്, www.kottakkal.lsgkerala.gov. in.
3. ഫയലിൽ.